മലയാളം ന്യൂസ്
FIRST MALAYALAM DAILY PUBLISHED OUTSIDE INDIA

13 November 2021

# കോവിഡ്: സമ്പദ്ഘടനയുടെ തിരിച്ചുവരവിൽ ഇന്ത്യ മുന്നിൽ -കേന്ദ്ര മന്ത്രി രാജീവ് ചന്ദ്രശേഖർ

**കൊച്ചി-** കോവിഡ് മഹാമാരിയിലൂടെ പ്രതിസന്ധിയിലായ സമ്പദ് ഘടനയുടെ തിരിച്ചുവരിൽ ഇന്ത്യ മുന്നിലെന്ന് കേന്ദ്ര മന്ത്രി രാജീവ് ചന്ദ്രശേഖർ. കേന്ദ്ര സർക്കാരിന്റെ ഉചിതമായ നയനിലപാടുകളും വൈവിധ്യ പൂർണമായ നൈപുണ്യ വികസനവുമാണ് ഇതിന് സഹയകമായതെന്ന് അദ്ദേഹം പറഞ്ഞു.

ആത്മനിർഭർ ഭാരതിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ പൊതു സാമ്പത്തിക സ്ഥിതിയെ കുറിച്ച് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) വിവിധ മേഖലകളിലെ പ്രഗൽഭരുമായി ആശയവിനിമയം നടത്തുകയായിരുന്നു മന്ത്രി.

മറ്റ് രാജ്യങ്ങളിൽനിന്ന് വ്യത്യസ്തമായി, സ്വയം പര്യാപ്തതയിലൂന്നിയ വാക്സിൻ ഉൽപാദനം, ആരോഗ്യ രംഗത്തെ പശ്ചാത്തല സൗകര്യ വികസനം തുടങ്ങിയവക്ക് പ്രാധാന്യം നൽകിയുള്ള നയരൂപീകരണങ്ങളാണ് കേന്ദ്ര സർക്കാർ മഹാമാരിക്കാലത്ത് കൈക്കൊണ്ടത്. സമൂഹത്തിലെ താഴേത്തട്ടിലുള്ള ജനങ്ങളുടെ ക്ഷേമം ലക്ഷ്യമിട്ട് ഭക്ഷണം, പണം എന്നിവയുടെ വിതരണത്തിനു സർക്കാർ പ്രത്യേക പരിഗണന നൽകി. സർക്കാർ ആവിഷ്കരിച്ച സാമ്പത്തിക പുനരുജ്ജീവന പാക്കേജിൽ ഉൾപ്പെട്ട പല ഘടകങ്ങളും ഈ ലക്ഷ്യത്തോടെയായിരുന്നു. പേരുകേട്ട പല അന്താരാഷ്ട്ര സാമ്പത്തിക വിദഗ്ധരുടെ കാഴ്ചപ്പാടുകൾക്ക് വിരുദ്ധമായിരുന്നു ഇതെന്ന് മന്ത്രി പറഞ്ഞു.

ദീർഘകാല വളർച്ചാനിരക്ക് ലക്ഷ്യമിട്ട് നടപ്പിലാക്കിയ സാമ്പത്തിക പരിഷ്കരണങ്ങൾ പ്രതിസന്ധിയിൽ നിന്ന് കരകയറാൻ ഇന്ത്യയുടെ സമ്പദ്ഘടനക്ക് സഹായകമായി. ആത്മനിർഭർ ഭാരത് ആശയത്തിന് കീഴിൽ വാക്സിൻ, സമ്പദ്ഘടന എന്നിവയ്ക്കൊപ്പം രാജ്യസുരക്ഷയിലും ജനാധ്യപത്യം ശക്തിപ്പെടുത്തുന്നതിലും ശ്രദ്ധയൂന്നാൻ രാജ്യത്തിന് കഴിഞ്ഞിട്ടുണ്ടെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

വ്യവസായികൾ, സംരംഭകർ, ഐ.ടി വിദഗ്ധർ, വിവിധ സ്ഥാപന മേധാവികൾ, സാമ്പത്തിക വിദഗ്ധർ തുടങ്ങിയവരുമായി അദ്ദേഹം ആശയങ്ങൾ പങ്കുവെച്ചു. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ, എ. ജയകുമാർ എന്നിവർ പ്രസംഗിച്ചു.